"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലായി വിവിധ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ 12 ബഡ്സ് സ്കൂളുകൾക്ക് ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.614/2026/LSGD തീയതി, തിരുവനന്തപുരം, 06-03-2026

---

പരാമർശം:-

1. 15/03/2024-ലെ സ.ഉ.(കൈ)നം.41/2024/തസ്വഭവ
2. 17/12/2025-ലെ സ.ഉ.(സാധാ) നം. 2967/2025/തസ്വഭവ
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.02.2025, 09/10/2025, 21/08/2025, 30/11/2025, 12.01.2026 തീയതികളിലെ KSHO/2288/2024-L നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പുതുതായി 12 ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. ടി സ്ഥാപനങ്ങളെ സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട്, ഓരോ സ്ഥാപനങ്ങളുടെയും പ്രതീക്ഷിത ചെലവിനങ്ങളുടെ വിശദമായ പട്ടികകൾ ഉൾപ്പെടെയുള്ള ആകെ 2,21,70,000/- (രണ്ടു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിക്കുകയും, ടി ബഡ്സ് സ്ഥാപനങ്ങൾക്ക് ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അധികമായി സർക്കാരിൽ നിന്നും തുക അനുവദിക്കുവാൻ കഴിയുകയില്ലെന്ന വ്യവസ്ഥയിൽ, പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ച് കുടുംബശ്രീ മുഖേന അനുവദിക്കുന്ന തുക വിനിയോഗിക്കേണ്ടതാണെന്ന നിബന്ധനയോടെ, കുടുംബശ്രീ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിലുള്ള പ്രതീക്ഷിത ചെലവിനങ്ങൾക്ക് അനുസരിച്ച് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയ ചുവടെ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന 12 ബഡ്സ് സ്ഥാപനങ്ങൾക്ക് ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | തദ്ദേശസ്വയംഭരണ സ്ഥാപനം |
|---|---|---|

| | | |
|---|---|---|
| 1. | തിരുവനന്തപുരം | ആര്യനാട് |
| 2. | കൊല്ലം | ചവറ |
| 3. | കൊല്ലം | പരവൂർ നഗരസഭ |
| 4. | ഇടുക്കി | ഉടുമ്പന്നൂർ |
| 5. | പാലക്കാട് | പട്ടിത്തറ |
| 6. | പാലക്കാട് | പട്ടഞ്ചേരി |
| 7. | മലപ്പുറം | എടവണ്ണ |
| 8. | മലപ്പുറം | വഴിക്കടവ് |
| 9. | മലപ്പുറം | പെരുവള്ളൂർ |
| 10. | മലപ്പുറം | എടക്കര |
| 11. | മലപ്പുറം | ആനക്കയം |
| 12. | മലപ്പുറം | എടപ്പറ്റ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ / ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം

ധനകാര്യ (WCD) വകുപ്പ് (03.03.2026-ലെ WCD-3/201/2025-FIN പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഐ.എ.2/102/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 06-03-2026 17:13:37

സെക്ഷൻ ഓഫീസർ